I ഇ.ബി. XV- കേരള നിയമസഭ/XII-6

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഒക്ടോബർ 14, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

20 (*151) പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ക്വാളിറ്റി കൺട്രോൾ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, ഇന്ത്യയിലാദ്യമായി പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണെന്നും പാലിയേറ്റീവ് കെയർ രംഗത്തെ കേരളത്തിന്റെ പ്രവർത്തനങ്ങൾ സവിശേഷമാണെന്ന് ലോകാരോഗ്യസംഘടന വിശേഷിപ്പിച്ചിട്ടുണ്ടെന്നും നിലവിൽ സർക്കാർ പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ നടപ്പിലാക്കിവരുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പുതുതായി രജിസ്ട്രേഷൻ ലഭിക്കുന്ന സന്നദ്ധ സംഘടന യൂണിറ്റുകളിലും നടപ്പിലാക്കുമെന്നും സഭയെ അറിയിച്ചു.

വിദഗ്ധരുടെ മേൽനോട്ടത്തിൽ രൂപീകരിച്ചിട്ടുള്ള കർമ്മപദ്ധതിയുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, മെഡിക്കൽ കോളേജുകൾ/കാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ പാലിയേറ്റീവ് വിഭാഗം ആരംഭിക്കൽ, ആയുഷ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, സന്നദ്ധ പ്രവർത്തകർക്കും ആരോഗ്യ പ്രവർത്തകർക്കും സംസ്ഥാന/ജില്ലാ തലങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും നടപ്പാക്കിവരുന്നുണ്ട്. വീടുകളിൽ മെഡിക്കൽ, നഴ്സിംഗ് പരിചരണം നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാനതലത്തിലും മാനസിക, സാമൂഹ്യ പിന്തുണ ലഭ്യമാക്കുന്ന സംഘടനകൾക്ക് തദ്ദേശസ്ഥാപനതലത്തിലും രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രസിദ്ധീകരിക്കുകയും ആവശ്യമായ പരിശീലനം നൽകി രജിസ്ട്രേഷൻ നടപടികൾ ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും ചെയ്യുന്നു. ദീർഘകാല രോഗങ്ങൾമൂലം ശാരീരിക, മാനസിക, സാമൂഹിക പ്രയാസങ്ങൾ അനുഭവിക്കുന്ന രോഗികൾക്ക് അവരുടെ വീടുകളിൽ പരിചരണം

ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള "ഹോം കെയർ സംവിധാനം" മുഖേന സർക്കാർ തലത്തിൽ 1142 പ്രൈമറി ഹോം കെയർ യൂണിറ്റുകളും 231 സെക്കൻഡറി ഹോം കെയർ യൂണിറ്റുകളും സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ 500-ലധികം യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. രോഗികളുടെ മരണശേഷം കുടുംബാംഗങ്ങൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ബെറിവ്മെന്റ് കമ്പാനിയൻഷിപ് പ്രോഗ്രാം ആരംഭിക്കുകയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരെ പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ, കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ/സന്നന്നദ്ധപ്രവർത്തകർ എന്നിവരുടെ പ്രവർത്തനങ്ങൾ കൂട്ടിയിണക്കുന്നതിന് പാലിയേറ്റീവ് കെയർ ഗ്രിഡ്, രോഗിക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സാന്ത്വന പരിചരണം സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിന് കോമൺ പ്ലാറ്റ്ഫോം എന്നിവ രൂപീകരിച്ച് സാന്ത്വന പരിചരണം ആവശ്യമുള്ളവർക്ക് കൃത്യമായ ഇടവേളകളിൽ സേവനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ഐ.എസ്.എം-ന്റെ കീഴിൽ 38-ഉം ഹോമിയോ വകുപ്പിനുകീഴിൽ 44-ഉം സെക്കൻഡറി കെയർ യൂണിറ്റുകൾ

പ്രവർത്തിക്കുന്നതിനപുറമെ ആയുഷ് മേഖലയിൽ 164430 പേർ പ്രാഥമിക, പ്രൈമറി പാലിയേറ്റീവ് കെയർതലത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ജെറിയാട്രിക് കെയർ, സാന്ത്വന പരിചരണം എന്നിവയ്ക്കായി ഐ.സി.എം.ആർ.-ന്റെ ഒരു ഗവേഷണ കേന്ദ്രം കേരളത്തിൽ സ്ഥാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പാലക്കാട് ജില്ലയിൽ ന്യൂറോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് ഉടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ചാലക്കുടി താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണെന്നും ഈയിനത്തിൽ 1600 കോടി രൂപ ഓരോ വർഷവും ചെലവഴിക്കുന്നുണ്ടെന്നും 42.50 ലക്ഷം കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നുണ്ടെന്നും സാന്ത്വന പരിചരണത്തിന് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് 6 മാസത്തെ Diploma in Domociliary Care Nursing കോഴ്സ് ആരംഭിച്ചിട്ടുണ്ടെന്നും ഇതിനകം 210 പേർ പരിശീലനം നേടിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21(*152) സംസ്ഥാന ജലപാത

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മൂന്ന് ഘട്ടങ്ങളിലായി വിഭാവനം ചെയ്തിരിക്കുന്ന സംസ്ഥാന ജലപാത യാഥാർഥ്യമാകുന്നതോടെ സംസ്ഥാനത്തിന്റെ യാത്ര-ചരക്ക് നീക്കങ്ങളിൽ വലിയ മാറ്റം കൊണ്ടുവരാനും വിനോദ സഞ്ചാരം, തൊഴിൽ മേഖലകളിൽ പുരോഗതി കൈവരിക്കാനും സാധിക്കുമെന്നും ജലപാതാ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഒന്നാം ഘട്ടത്തിൽ 520 കി.മീ. ദൂരത്തിൽ കനാലുകൾ ശുദ്ധീകരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായി വിവിധ ഇടങ്ങളിലായുള്ള കനാലുകൾ പൂർണ്ണതോതിൽ വികസിപ്പിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും കനാലുകൾക്ക് കുറുകെയുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം ലോക്ക് കം ബ്രിഡ്ജുകളുടെ നിർമ്മാണവും നടന്നുവരുന്നുണ്ട്. മൂന്നാം ഘട്ടത്തിൽ 61 കി.മീ. ദൂരത്തിൽ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ പൂർത്തീകരിക്കുകയും പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കാൻ ഉദ്ദേശിക്കുകയുമാണ്. കോവളം മുതൽ കൊല്ലം

വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-3 സ്റ്റാൻഡേർഡിലേക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കോവളം മുതൽ കായംകുളം വരെയുള്ള നിർമ്മാണ പ്രവൃത്തികൾ 2024 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊല്ലം-കോട്ടപ്പുറം ഭാഗം ദേശീയ ജലപാത (NW-3) ആയി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാകാനുണ്ട്. കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാലിന്റെ 11 കി.മീ. ദൂരം കിഫ്ബി ധനസഹായത്തോടെ വികസിപ്പിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ-കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കി.മീ. ദൂരം ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. തൃപ്രയാർ, കണ്ടശ്ശൻകടവ്, ഏനമാവ് എന്നിവിടങ്ങളിൽ 3 ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് 2.25 കോടി രൂപയുടെ അനുമതിയും ചേറ്റുവ-ചാവക്കാട് ഭാഗം ദേശീയ ജലപാതാ നിലവാരത്തിലാക്കുന്നതിനായി ഒരു കോടി രൂപയുടെ അനുമതിയും തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജ് അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിന്

സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തിക്ക് 2.25 കോടി രൂപയുടെ അനുമതിയും നല്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതും ചാവക്കാട് പാലം മുതൽ തിരുവത്ര പാലം വരെയുള്ള ഭാഗം ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നതുമാണ്. 46 കോടി രൂപ ചെലവിൽ പൊന്നാനിയിലെ വെളിയംകോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം നടന്നുവരുന്നതും ചേറ്റുവ കനാലിന്റെ 12.334 കി.മീ. ഭാഗത്ത് 2.17 കോടി രൂപയുടെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂട്ടായി ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്ക് 44.31 കോടി രൂപയുടെ അംഗീകാരം നല്കിയിട്ടുണ്ട്. ന്യൂ കട്ട് കനാൽ ഭാഗത്ത് റെഗുലേറ്റർ കം ലോക്കിന്റെ പര്യവേഷണ പ്രവൃത്തികളും ഇരഞ്ഞിക്കൽ-കോരപ്പുഴ ഭാഗം ആഴംകൂട്ടുന്നതിനുള്ള ഡ്രെഡ്ജിംഗും പയ്യോളി കനാലിന്റെ നവീകരണവും പുരോഗമിച്ചുവരുന്നു. പെരുന്തുരുത്തി പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള പര്യവേഷണപ്രവൃത്തികൾ പൂർത്തീകരിക്കുകയും ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുകയുമാണ്. വടകര-മാഹി കനാലിന്റെ 9.28 കി.മീ. ദൂരം ഗതാഗതയോഗ്യമാക്കുകയും വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും കനാൽ നിർമ്മാണം 5 റീച്ചുകളിലായി പുരോഗമിക്കുകയുമാണ്. മാഹി-വളപട്ടണം റീച്ചിന്റെ നിർമ്മാണ

പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നതും 2025 ഡിസംബറോടുകൂടി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്. തലശ്ശേരി, ധർമ്മടം പുഴകളെ വികസിപ്പിച്ച് ദേശീയ ജലപാത ആക്കുന്നതിനും വളപട്ടണം, കുപ്പം പുഴകളെ നിർദ്ദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കനാൽ വികസനത്തിന്റെ ഭാഗമായി വർക്കല, കഠിനംകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽനിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി കിഫ്ബി സഹായത്തോടെ 247.2 കോടി രൂപയുടെ പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും 54.99 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ടെന്നും കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1300 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പാക്കേജ് തയ്യാറാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. ഈസ്റ്റ്-വെസ്റ്റ് കനാൽ ജലപാതയുടെ സമീപത്ത് നിശ്ചിത അകലത്തിൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ സ്ഥാപിക്കുന്നതിന് കിഫ്ബി മുഖാന്തരം പദ്ധതി തയ്യാറാക്കുമെന്നും നിർദ്ദിഷ്ട ജലപാത യാഥാർത്ഥ്യമാക്കുന്നതിന് മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി

മുഖ്യമന്ത്രി അറിയിച്ചു.

22(*153) ലഹരി വസ്തുക്കളുടെ വ്യാപനം തടയാൻ നടപടി

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, എക്സൈസ് വകുപ്പ്, വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തിയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും ലഹരി വസ്തുക്കളുടെ വ്യാപനം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്കൂൾ പരിസരത്തെ കടകളിലും ഇടവഴികളിലും അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ, മറഞ്ഞിരിക്കാൻ പറ്റുന്ന ഇടങ്ങൾ, കുറ്റിക്കാടുകൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങളിലും പരിശോധന നടത്തി മയക്കമരുന്നുൾപ്പെടെയുള്ള ലഹരിയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുത്തുകയും കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും മയക്കമരുന്നുകളുടെ പട്ടികയിൽ സൈക്കോട്രോപിക് മരുന്നായ 'Tydol' കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപും പിൻപും സ്കൂൾ പരിസരങ്ങളിൽ പോലീസ്/എക്സൈസ് ഉദ്യോഗസ്ഥർ മഫ്ടി/ബൈക്ക് പട്രോളിംഗും രഹസ്യ നിരീക്ഷണവും നടത്തുന്നതിനുപുറമെ ലഹരി

ഉപയോഗം സംശയിക്കുന്ന കുട്ടികൾക്ക് കൗൺസലിംഗ് നൽകുന്ന 'നേർവഴി', പ്രൈമറി സ്കൂൾ കുട്ടികൾക്കായി "ബാല്യം അമൂല്യം", എന്നീ പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബോധവൽക്കരണത്തിനായി "കവചം", "തെളിവാനം വരയ്ക്കുന്നവർ" എന്നീ പേരുകളിൽ കൈപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയും കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം, ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്നീ കമ്മിറ്റികൾ രൂപീകരിച്ച് നിയമാവബോധം നൽകുകയും ചെയ്യുന്നുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്തി തടയുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ "Standard Operating Procedure (SOP)" തയ്യാറാക്കുകയും സ്കൂൾതലത്തിൽ പ്രാദേശിക ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരി സംബന്ധമായ പ്രശ്നങ്ങൾ നിരീക്ഷിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം തിരിച്ചറിയുന്നതിനും കൗൺസലിംഗ്, ലഹരി മുക്തി ചികിത്സ എന്നിവ നൽകുന്നതിനുമുള്ള നടപടികളുൾപ്പെടുത്തിക്കൊണ്ട് എക്സൈസ് വകുപ്പ് തയ്യാറാക്കിയ വാർഷിക പദ്ധതി ഈ അധ്യയനവർഷം അധ്യാപക പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുകയും കുട്ടികൾക്ക് മയക്കമരുന്ന് വിരുദ്ധ സന്ദേശമടങ്ങിയ മൂന്ന് ലക്ഷം സ്വാഗതപത്രികകൾ വിതരണം ചെയ്യുകയും

രക്ഷിതാക്കൾ/അധ്യാപകർ എന്നിവർക്ക് അവബോധം നൽകുന്നതിനായി 'കരുതൽ' എന്ന കൈപുസ്തകം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ/കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന 5585 ലഹരിവിരുദ്ധ ക്ലബ്ബുകൾക്കുപുറമെ ഓരോ സ്കൂളിലും വിമുക്തി പ്രവർത്തനങ്ങൾക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥനെ വീതം നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന 'ഉണർവ്' പദ്ധതിയിലൂടെ സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തുവരുന്നുണ്ടെന്നും 'ലഹരിക്കെതിരെ കായിക ലഹരി' എന്ന ആശയവുമായി ടീം വിമുക്തി എന്ന പേരിൽ 1000 കായിക ടീമുകൾക്ക് പരിശീലനം നൽകിവരുന്നുണ്ടെന്നും എക്സൈസ് വകുപ്പിന്റെ സൈബർ വിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതിനുപുറമെ രാസലഹരി വസ്തുക്കൾ പരിശോധിച്ച് കണ്ടെത്തുന്നതിന് കിറ്റുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന പദ്ധതികൾ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടെന്നും ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ബഹു. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന വിദ്യാർത്ഥികൾ മുഖാന്തരം എല്ലാ വീടുകളിലും

എത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി അറിയിച്ചു.

23(*154) കുടുംബശ്രീയുടെ സ്മാർട്ട് അഗ്രികൾച്ചർ പദ്ധതി

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കുടുംബശ്രീ അംഗങ്ങൾക്ക് കാർഷികരംഗത്ത് മെച്ചപ്പെട്ട ഉൽപാദനക്ഷമതയും തൊഴിലവസരവും വരുമാനവും കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ ഡ്രോൺ ഉപയോഗപ്പെടുത്തി സ്മാർട്ട് അഗ്രികൾച്ചർ എന്ന ആശയം പ്രാവർത്തികമാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര കിഴങ്ങുവർഗ ഗവേഷണ കേന്ദ്രത്തിന്റെ (സി.റ്റി.സി.ആർ.ഐ.-ശ്രീകാര്യം) നേതൃത്വത്തിൽ ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയ 49 അംഗങ്ങൾക്ക് ഡ്രോൺ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്ന നടപടികൾ നടന്നുവരികയാണെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ട പരിശീലന പരിപാടി 2024 ഒക്ടോബറിൽ ആരംഭിക്കുന്നതാണ്. ആറ് മാസക്കാലയളവിനുള്ളിൽതന്നെ പ്രസ്തുത പദ്ധതിയിൽനിന്നും വരുമാനം ലഭ്യമായി തുടങ്ങിയിട്ടുണ്ടെന്നും ഒരു

ഏക്കറിൽനിന്നും 500 മുതൽ 700 രൂപ വരെ വരുമാനമുണ്ടാക്കാൻ കഴിയുമെന്നും വൈദഗ്ധ്യം നേടുന്ന മുറയ്ക്ക് കൂടുതൽ വരുമാനം ലഭ്യമാകുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഹരിത കർമ്മ സേന, ജനകീയ ഹോട്ടലുകൾ, പ്രീമിയം കഫെ, കെ-ലിഫ്റ്റ് (കുടുംബശ്രീ ലൈവ്‌ലിഹുഡ് ഇനിഷ്യേറ്റീവ് ഫോർ ട്രാൻസ്ഫർമേഷൻ) തുടങ്ങിയ വിവിധ പദ്ധതികൾ കുടുംബശ്രീ മുഖാന്തരം ആവിഷ്കരിച്ചിട്ടുണ്ടെന്നും കെ ഫോർ കെയർ പദ്ധതിയിലൂടെ പരിശീലനം സിദ്ധിച്ച 500-ലധികം കെയർ എക്സിക്യൂട്ടീവുമാർ സേവനരംഗത്ത് പ്രവർത്തിക്കുന്നുണ്ടെന്നും മൂന്നര ലക്ഷത്തോളം കുടുംബശ്രീ അംഗങ്ങൾ പ്രവർത്തിക്കുന്ന കൃഷി മേഖലയിൽനിന്നും ഓണക്കാലത്ത് 1250 ഏക്കറിൽ പുഷ്പകൃഷിയും ആറായിരത്തിലധികം ഏക്കറിൽ പച്ചക്കറി കൃഷിയും നടത്തിയതുകൂടാതെ ഓണം ഫെയറുകൾ സംഘടിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.